പുറക്കലേരിമല കോളനിയിൽ വെള്ളം എത്തിക്കാൻ നടപടി

14(917) ശ്രീമതി എൻ. കെ. രാധ : താഴെക്കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ പുറക്കലേരിമല ഐ.എച്ച്.ഡി.പി. കോളനി (ചങ്ങരോത്ത് പഞ്ചായത്തിൽ 2-ാം വാർഡിൽ) 40 കുടുംബങ്ങൾക്ക് വെള്ളം കിട്ടുന്നതിന് വേണ്ടി എടക്കണ്ടി മലോൽ മീണൽ വേലപ്പന്റെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ നിയമത്തിൻമേൽ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

നിവേദനം ലഭിച്ചിട്ടുണ്ട്. ടി കോളനിയിൽ വാട്ടർ ടാപ് സ്ഥാപിക്കുകയും പൈപ്പ് കണക്ഷൻ നൽകുകയും വൈദ്യുതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിച്ച് പദ്ധതി കമ്മിഷൻ ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു.

മോയോർക്കുന്ന് കോളനിയിലെ കുടിവെള്ളപ്രശ്നം

15(918) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ കൂത്താളി ഗ്രാമപഞ്ചായത്തിൽ 1-ാം വാർഡിലെ മോയോർക്കുന്ന് കോളനിയിലെ കുടിവെള്ളപ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള മോയോർക്കുന്ന് ഹരിജൻ കോളനി സെക്രട്ടറിയുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷയിൻമേൽ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിൽ തന്നെയും കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

ഐ.റ്റി.സി. കളുടെ പ്രവർത്തനം

16(919) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഐ.റ്റി.സി.കൾ പ്രവർത്തിക്കുണ്ടെന്നും എവിടെയെല്ലാമാണെന്നും അറിയിക്കുമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥി- വിദ്യാർത്ഥിനികൾ എത്രയെന്നും അവർക്ക് പ്രതിമാസം നൽകുന്ന ധനസഹായം എത്രയാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വർക്കല നിയോജകമണ്ഡലത്തിലെ ശ്രീനിവാസപുരം കോളനിയിൽ പ്രവർത്തിക്കുന്ന ഐ.റ്റി.സി. യുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും നിലവിലുള്ള കോഴ്സുകൾക്ക് പുറമെ കൂടുതൽ പരിശീലന ട്രേഡുകൾ കൂടി ആരംഭിക്കാൻ അനുവാദം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) ഐ.റ്റി.സി. കളിലും മറ്റ് പരിശീലന ഉൽപ്പാദന കേന്ദ്രങ്ങളിലും പഠിച്ച് പുറത്ത് വരുന്നവർക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ 42 ഐ.റ്റി.സികൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 41 ഐ.റ്റി.സികളിലായി 1251 വിദ്യാർത്ഥികൾ പഠിക്കുന്നു. അവർക്കുള്ള ധനഹസായം ഓരോ വിദ്യാർത്ഥിക്കും താഴെ പറയും പ്രകാരമാണ്.

1. ഒന്നാം വർഷം 280 രൂപ ലംപ്സംഗ്രാന്റ്
2. രണ്ടാം വർഷം 210 രൂപ ലംപ്സംഗ്രാന്റ്
3. പ്രതിമാസം 210 രൂപ വീതം സ്റ്റൈപന്റ്
4. പ്രതിവർഷം 400 രൂപ വീതം യൂണിഫോം അലവൻസ്
5. അവസാന വർഷ വിദ്യാർത്ഥികൾക്ക് സ്റ്റഡിടൂറിന് 500 രൂപ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കുട്ടമലയിൽ പ്രവർത്തിക്കുന്ന ഐ.റ്റി.സി. യിൽ 16 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവർക്ക് പ്രതിമാസം 350 രൂപ സ്റ്റൈപന്റും ഒന്നും രണ്ടും വർഷങ്ങളിൽ യഥാക്രമം 280, 210 രൂപ വീതം ലംപ്സംഗ്രാന്റും ഓരോവർഷവും ഒരു ജോഡി യൂണിഫോം തുണിയും തയ്യൽക്കൂലിയും ഡ്രോയിംഗ് ബുക്സും വിതരണം ചെയ്ത് വരുന്നു.

(സി) വർക്കല ഐ.റ്റി.സി.യിൽ ഇപ്പോൾ പരിശീലനം നൽകിവരുന്ന പ്ലംബർ ട്രേഡിന് എൻ.സി.വി.റ്റി. യുടെ അംഗീകാരം ലഭിച്ചതിന്ശേഷം കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ഡി) പരിശീലന ഉല്പാദന കേന്ദ്രത്തിൽ പഠിച്ച് പുറത്തു വരുന്നവർക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനായി എംപ്ലോയ്മെന്റ് കം ട്രെയിനിംഗ് സ്കീം, അഡിഷണൽ അപ്രന്റിസ്ഷിപ്പ് എന്നീ പദ്ധതികളും സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് വേണ്ടി കുടിൽ വ്യവസായശൃംഖല പദ്ധതി പ്രകാരം ചില പ്രത്യേക സ്ഥാപനങ്ങളിൽ പരിശീലനവും നൽകിവരുന്നു. കൂടാതെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സബ്സിഡി, ബാങ്ക് വായ്പ എന്നിവയും പട്ടികജാതി വകുപ്പിൽ നിന്ന് നൽകുന്നുണ്ട്.

---

†അനുബന്ധം-VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 16(919) ദയവായി കാണുക]

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.സി. കളുടെ ലിസ്റ്റ്

തിരുവനന്തപുരം ജില്ല

1.	ഐ. റ്റി. സി.	കാഞ്ഞിരംകുളം
2.	ഐ. റ്റി. സി.	മരിയാപുരം
3.	ഐ. റ്റി. സി.	കടകംപള്ളി
4.	ഐ. റ്റി. സി.	അഞ്ചാമട
5.	ഐ. റ്റി. സി.	ശിങ്കാരത്തോപ്പ്
6.	ഐ. റ്റി. സി.	ആറ്റിപ്ര
7.	ഐ. റ്റി. സി.	പേരുമല
8.	ഐ. റ്റി. സി.	വർക്കല
9.	ഐ. റ്റി. സി.	ഇടയ്ക്കോട്
10.	ഐ. റ്റി. സി.	കുഴമല (പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ)

കൊല്ലം ജില്ല

11.	ഐ. റ്റി. സി.	ഓച്ചിറ
12.	ഐ. റ്റി. സി.	കുളക്കട
13.	ഐ. റ്റി. സി.	വെട്ടിക്കവല

പത്തനംതിട്ട ജില്ല

14.	ഐ. റ്റി. സി.	പന്തളം
15.	ഐ. റ്റി. സി.	ഐക്കാട്

ആലപ്പുഴ ജില്ല

16.	ഐ. റ്റി. സി.	മാവേലിക്കര
17.	ഐ. റ്റി. സി.	ഹരിപ്പാട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം ജില്ല

18. ഐ. റ്റി. സി. നെടുംകാവുവയൽ
19. ഐ. റ്റി. സി. എസ്.പി. കോളനി, സചിവോത്തമപുരം
20. ഐ. റ്റി. സി. മാടപ്പള്ളി
21. ഐ. റ്റി. സി. മധുരവേലി

എറണാകുളം ജില്ല

22. ഐ. റ്റി. സി. ഇടപ്പള്ളി

തൃശ്ശൂർ ജില്ല

23. ഐ. റ്റി. സി. മായന്നൂർ
24. ഐ. റ്റി. സി. ഏങ്കക്കാട്
25. ഐ. റ്റി. സി. പുവ്വ്യ്റ്റ്
26. ഐ. റ്റി. സി. ഇടത്തുരുത്തി
25. ഐ. റ്റി. സി. നടത്തറ
26. ഐ. റ്റി. സി. വി.ആർ. പുരം
27. ഐ. റ്റി. സി. ഫെർബർത് നഗർ
30. ഐ. റ്റി. സി. എരുമപ്പെട്ടി

പാലക്കാട് ജില്ല

31. ഐ. റ്റി. സി. പാലപ്പുറം
32. ഐ. റ്റി. സി. മംഗലം
33. ഐ. റ്റി. സി. ചിറ്റൂർ

മലപ്പുറം ജില്ല

34. ഐ. റ്റി. സി. കേരളാധിശവരപുരം
35. ഐ. റ്റി. സി. പായായ്ക്ക
36. ഐ. റ്റി. സി. പൊന്നാനി
37. ഐ. റ്റി. സി. പാണ്ടിക്കാട്

കോഴിക്കോട് ജില്ല

38.	ഐ. റ്റി. സി.	കുറവങ്ങാട്
39.	ഐ. റ്റി. സി.	ഏലത്തൂർ

കണ്ണൂർ ജില്ല

40.	ഐ. റ്റി. സി.	മടായി

കാസർഗോഡ് ജില്ല

41.	ഐ. റ്റി. സി.	ചെറുവത്തൂർ
42.	ഐ. റ്റി. സി.	നീലേശ്വരം

അനുബന്ധം VII

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 36(939) ദയവായി കാണുക]

പദ്ധതിയുടെ പേര്		പൂർത്തിയാകുവാൻ ലക്ഷ്യമിട്ടിരിക്കുന്ന വർഷം
1. പഴശ്ശി ജലസേചന പദ്ധതി	-	1999-2000
2. കുരിയാർകുറ്റി-കാരപ്പാറ പദ്ധതി	-	പത്താം പദ്ധതിക്കാലത്ത്
3. ഇടമലയാർ പദ്ധതി	-	ഒൻപതാം പദ്ധതിക്കാലത്ത്
4. മൂവാറ്റുപുഴ നദീതടപദ്ധതി	-	ഒൻപതാം പദ്ധതിക്കാലത്ത്
5. കല്ലട പദ്ധതി	-	2001-2002

LIBRARY ARCHIVES Kerala Legislative Assembly